**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 120**

**02.03.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്**

# തണ്ടർബോൾട്ട് സംഘത്തിനായി നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) മാവോവാദി വേട്ടയ്ക്ക് സജ്ജമാക്കിയ തണ്ടർബോൾട്ട് സംഘത്തെ ആധുനികവൽക്കരിക്കുവാൻ എന്തൊക്കെ സംവിധാനമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) തണ്ടർബോൾട്ട് സംഘത്തെ ആധുനികവത്ക്കരിക്കുന്നതിനായി, Digital Rapid Field Deployable Wireless Equipment, Compass, GPS Sets/Light Sticks, Tactical Knives, Red Dot Sights, Bullet Proof Vests, Bullet Proof Helmets, Combat Body Armour, Tactical Belts with pouch, Boots, Rucksacks, Survival Kits, Night Vision Googles, Night Vision Binocular, Hand held Search Light, Rappelling Ropes with Harnes, Touch Books, All Terrain Vehicles, Troop Carriers, Lorries, Specially Designed Jeeps, Remote Camera Equipments, Bomb Suppression Blanket തുടങ്ങിയവ വാങ്ങി നൽകിയിട്ടുണ്ട്. |
| ബി) തണ്ടർബോൾട്ടിന്റെ ആവശ്യത്തി- നായി നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ത് തുകയ്ക്ക് എത്രയെണ്ണം വാങ്ങിയെന്ന് വെളിപ്പെടുത്തുമോ; | ബി) തണ്ടർബോൾട്ടിന്റെ ആവശ്യത്തിനായി റിമോട്ട് ക്യാമറ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. രണ്ടു റിമോട്ട് ക്യാമറ ഉപകരണങ്ങൾ 94,52,789/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. |
| സി) ഏത് സ്ഥാപനത്തിൽ നിന്നാണ് പ്രസ്തുത ക്യാമറകൾ വാങ്ങിയത്; നൈറ്റ് വിഷൻ റിമോട്ട് ക്യാമറകൾ വാങ്ങുന്നതിന് ടെൻഡർ വിളിച്ചിരുന്നോ; ഏതൊക്കെ സ്ഥാപനങ്ങളാണ് ടെൻഡറിൽ പങ്കെടുത്തതെന്ന് അറിയിക്കുമോ; | സി) M/s. CoreEL Technologies (I) Pvt Ltd, Bangalore എന്ന സ്ഥാപനത്തിൽ നിന്നാണ് റിമോട്ട് ക്യാമറ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ഉപകരണങ്ങൾ വാങ്ങുന്നതിനു 05.03.2014 ലെ ടെൻഡർ നമ്പർ 46/2014 പ്രകാരമാണ് ടെണ്ടർ ക്ഷണിച്ചത്. M/s. CoreEL |

| | | | |
|---|---|---|---|
| | | | Technologies (I) Pvt Ltd, Bangalore M/s.Xillion Technologies, Hyderabad & M/s.Radix Micro Systems, Hyderabad എന്നിവരാണ് ടെണ്ടറിൽ പങ്കെടുത്തത്. |
| ഡി) | ക്യാമറകൾ പോലീസിന് ലഭിക്കുന്നതിന് മുമ്പ് തന്നെ ക്യാമറകൾ ലഭിച്ചതായി പോലീസ് ആസ്ഥാനത്തെ സീനിയർ ക്ലാർക്ക് ആഭ്യന്തരവകുപ്പിന് കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് തുക നൽകിയിരുന്നോ; | ഡി) | ഇല്ല. |
| ഇ) | വാങ്ങിയ ക്യാമറകൾ നിലവാരം കുറഞ്ഞതും ഉപയോഗിക്കുവാൻ കഴിയാത്തതാണെന്നും കാണിച്ച് വയനാട്, മലപ്പുറം എസ്.പി.മാരും ആന്റി ടെററിസ്റ്റ് എസ്.പി.യും റിപ്പോർട്ട് നൽകിയിരുന്നോ; | ഇ) | വയനാട് ജില്ലാ പോലീസ് മേധാവി അറിയിച്ചിരുന്നു. ജില്ലാ പോലീസ് മേധാവി മലപ്പുറം, SP (Operations) KATS എന്നിവർ ഉപകരണം പ്രവർത്തിപ്പിക്കുന്നതിന് മതിയായ പരിശീലനം നൽകണമെന്നും അറിയിച്ചിട്ടുണ്ടായിരുന്നു. പിന്നീട് കമ്പനി, സ്ക്വാഡിലെ ബന്ധപ്പെട്ട പോലീസുകാർക്ക് പരിശീലനം നൽകിയിട്ടുള്ളതാണ്. |
| എഫ്) | പ്രസ്തുത ക്യാമറകൾ വാങ്ങിയ സമയത്തെ നവീകരണത്തിന്റെ ചുമതലയുള്ള എ.ഡി.ജി.പി. ആരായിരുന്നു; നിലവാരം കുറഞ്ഞ ക്യാമറ വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | എഫ്) | പ്രസ്തുത ഉപകരണം വാങ്ങുന്നതിനു സപ്ലൈ ഓർഡർ നൽകിയ സമയത്ത് (25.03.2014) നവീകരണത്തിന്റെ ചുമതലയുള്ള ADGP ഉണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ